# കേരള സർവകലാശാല

നം. പി.ആർ.008/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മെഗാ പ്ലേസ്മെന്റ് ഫെയർ 2016

ജനുവരി 14-ന് (ശനിയാഴ്ച) മെഗാ പ്ലേസ്മെന്റ് ഫെയർ ഉണ്ടായിരിക്കുന്നതല്ല. വിശദവിവരങ്ങൾ പിന്നീടറിയിക്കും.

### എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല 2017 ഫെബ്രുവരി 13 ന് നടത്തുന്ന അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), ഒമ്പതാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) 2011-12 ന് മുമ്പുള്ള അഡ്മിഷൻ (കോമൺ ഫോർ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 18 (50 രൂപ പിഴയോടെ ജനുവരി 20, 250 രൂപ പിഴയോടെ ജനുവരി 23) വരെ അപേക്ഷിക്കാം. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ മേഴ്സി ചാൻസ് ഫീസായി 2000/- രൂപയും സി.വി ക്യാമ്പ് ഫീസായി 200 രൂപയും അടയ്ക്കണം.

### ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജി പരീക്ഷ

കേരള സർവകലാശാല 2017 ഫെബ്രുവരി 7 ന് തുടങ്ങുന്ന ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) അഞ്ചാം സെമസ്റ്റർ റഗുലർ 2014 അഡ്മിഷൻ ഓൺലൈൻ രജിസ്ട്രഷൻ ആരംഭിച്ചിരിക്കുന്നു. 2014 അഡ്മിഷൻ റഗുലർ, 2011, 2006 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 18 (50 രൂപ പിഴയോടെ ജനുവരി 20, 250 രൂപ പിഴയോടെ ജനുവരി 21) വരെ അപേക്ഷിക്കാം.

### ഗവേഷണ രീതി ശാസ്ത്രത്തിൽ ദേശീയ ശിൽപശാല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം സോഷ്യൽ സയൻസ് വിഷയത്തിൽ ഗവേഷണ രീതി ശാസ്ത്രത്തിൽ (റിസർച്ച് മെതഡോളജി)ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നു. 2017 ജനുവരി 17 മുതൽ 21 വരെ സർവകലാശാല പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ വച്ചാണ് ശിൽപശാല നടക്കുന്നത്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.സി.എ പരീക്ഷ ഫലം

2016 ജൂണിൽ നടന്ന നാലാം സെമസ്റ്റർ ബി.സി.എ (332) (റെഗുലർ 2014 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2013 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെയും 2016 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.വോക്ക് ഡിഗ്രി പ്രോഗ്രാം ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352) റെഗുലർ 2015 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2014 അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ടെക്. (സി.എസ്.എസ്) ഫലം

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ എം.ടെക്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് (ഒപ്റ്റോ ഇലക്ട്രോണിക്സ്

ആന്റ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) 2014–2016 ബാച്ച് (സി.എസ്.എസ്) പരീക്ഷ ഫലം പ്രസിദ്ധികരിച്ചു.

## പി.ജി.ഡി.ജി.ഐ.എസ്.ടി സീറ്റൊഴിവ്

കേരള സർവകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ – സ്പെഷ്യൽ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജിയിൽ പി.ജി ഡിപ്ലോമ ഇൻ ജിയോ–ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി കോഴ്സിന് എസ്.സി സീറ്റൊഴിവുകളുണ്ട്. യോഗ്യത ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിലേതെങ്കിലും പി.ജി. താൽപര്യമുള്ളവർ അസ്സൽ രേഖകൾ സഹിതം ജനുവരി 20–നകം ഹാജരാകണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (http://www.cgist.ac.in) ലഭിക്കും. ഫോൺ:0471–2308214.

## എം.എസ്സി പരീക്ഷ

കേരള സർവകലാശാല 2017 ജനുവരി 25–ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി കെമിസ്ട്രി/അനലറ്റിക്കൽ കെമിസ്ട്രി 2011 അഡ്മിഷൻ (2009 സ്കീം), ബോട്ടണി (2006 സ്കീം) മേഴ്സി ചാൻസ് പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. 5200 രൂപ രജിസ്ട്രേഷൻ ഫീസും അതത് വിഷയങ്ങൾക്കുള്ള ഫീസും ചേർത്ത് ജനുവരി 17 വരെ പിഴ കൂടാതെ (50 രൂപ പിഴയോടെ 2017 ജനുവരി 19, 250 രൂപ പിഴയോടെ ജനുവരി 20) ഓഫ്ലൈനായി അപേക്ഷിക്കാം. ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

2017 ഫെബ്രുവരി എട്ടിന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എസ്സി കെമിസ്ട്രി/അനലറ്റിക്കൽ കെമിസ്ട്രി, ബോട്ടണി (2011 അഡ്മിഷൻ) മേഴ്സി ചാൻസ് പരീക്ഷയ്ക്ക് പിഴ കൂടാതെ ജനുവരി 17 (50 രൂപ പിഴയോടെ 2017 ജനുവരി 19, 250 രൂപ പിഴയോടെ ജനുവരി 20) വരെ ഓഫ്ലൈനായി ഫീസടക്കാം. പരീക്ഷഫീസിന് പുറമെ 5000 രൂപ മേഴ്സി ചാൻസ് ഫീസും 200 രൂപ ക്യാമ്പ് ഫീസും അടയ്ക്കണം.

## പി.ജി. പരീക്ഷ : പുതുക്കിയ തീയതി

കേരള സർവകലാശാല ജനൂവരി 27–ന് ആരംഭിക്കാനിരുന്ന ഒന്നാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ലിയു./ എം.പി.എ പരീക്ഷകൾ ഫെബ്രുവരി എട്ടിന് ആരംഭിക്കും.

തിരുവനന്തപുരം.
12.01.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098